# (no subject)

**KERALA PRIVATE COLLEGE MANAGEMENT ASSOCIATION** <kpcma1960@gmail.com>

Tue, Feb 11, 2020, 11:24 AM

to Chandrika, Malayala, Mathrubhoomi, madhyamam, “hindu, press, editorial_kochi, editorial, sira

സംസ്ഥാന ബഡ്ജറ്റ് നിരാശാജനകം : കേരള പ്രൈവറ്റ് കോളേജ് മാനേജ് മെന്റ് അസോസിയേഷന്

കോഴിക്കോട് : 2020- 21 ലെ കേരള സംസ്ഥാന ബഡ്ജറ്റ് ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണെന്ന് കേരള പ്രൈവറ്റ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷന് സംസ്ഥാന പ്രസിഡന്റ് ഡോ.എം.ഇ. കൂര്യാക്കോസ് , ജനറല് സെക്രട്ടറി ഡോ.എം. ഉസ്മാന് എന്നിവര് പ്രസ്താവനയില് ചൂണ്ടിക്കാട്ടി. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി ബഡ്ജറ്റില് നീക്കിവെച്ച 493 കോടി രൂപ തികച്ചും അപര്യാപ്തമാണ്. 2013- ല് അനുവദിച്ച കോഴ്സുകള്ക്കായി ആയിരം അധ്യാപക തസ്തികകള് സൃഷ്ടിക്കുമെന്ന പ്രഖ്യാപനം വസ്തുതകള് മറച്ചുവെച്ചുകൊണ്ടുള്ളതാണ്. പി. ജി. വെയിറ്റേജ്, 9 മണിക്കൂര് അധിക വര്ക്ക് ലോഡിന് അധിക തസ്തിക എന്നീ മാനദണ്ഡങ്ങള് ഒഴിവാക്കുക വഴി സംസ്ഥാനത്ത് 1500- ലധികം കോളേജ് അധ്യാപക തസ്തികകള് നഷ്ടപ്പെടുന്ന സാഹചര്യമാണ് യഥാര്ത്ഥത്തില് നിലവിലുള്ളത്. പുതിയ കോഴ് സുകള് അനുവദിക്കാന് കോളേജുകള്ക്ക് നാകിന്റെ എ പ്ലസ് ഗ്രേഡ് വേണമെന്ന് നിഷ്ക്കര്ഷിക്കുന്നത് ഗ്രാമീണ മേഖലയിലെ കോളേജുകളെ സാരമായി ബാധിക്കുന്നതാണ്. ഇത്തരം കോഴ്സുകള്ക്ക് 5 വര്ഷത്തേക്ക് സ്ഥിരം അധ്യാപക നിയമനങ്ങള് ഉണ്ടാവില്ലെന്നുള്ള തീരുമാനം യുജിസി മാനദണ്ഡങ്ങള്ക്ക് വിരുദ്ധമായതിനാല് പുനപ്പരിശോധിക്കണമെന്ന് അസോസിയേഷന് ആവശ്യപ്പെട്ടു. സംസ്ഥാനത്ത് ഓപ്പണ് സര്വ്വകലാശാല ആരംഭിച്ച് അഫിലിയേറ്റിംഗ് സര്വ്വകലാശാലകളുടെയും കോളേജുകളുടെയും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ജോലി ഭാരം ലഘൂകരിക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റില് നിര്ദ്ദേശങ്ങള് ഇല്ലാത്തത് ഏറെ നിരാശാജനകമാണ്. കൂടാതെ ദീര്ഘകാലമായി ഉന്നയിക്കുന്ന കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ പാറ്റേണ്, ജോലി ഭാരം കൊണ്ട് വീര്പ്പു മുട്ടുന്ന കോഴിക്കോട് കോളേജ് വിദ്യാഭ്യാസ മേഖലാ ഓഫീസ് വിഭജിച്ച് കണ്ണൂര് ആസ്ഥാനമായി പുതിയ ഓഫീസ്, ഉന്നത വിദ്യാഭ്യാസ മേഖലയിലെ അധ്യാപകര്ക്കായി സംസ്ഥാനതലത്തില് പ്രത്യേക പരിശീലന കേന്ദ്രം എന്നീ ആവശ്യങ്ങളും ബഡ്ജറ്റില് പരിഗണിക്കപ്പെടാതെ പോയത് പ്രതിഷേധാര്ഹമാണ്.

കോഴിക്കോട്
11.02.2020

ഡോ. എം. ഇ കൂര്യാക്കോസ്
9447101513

ഡോ.എം. ഉസ്മാന്
9447255581